# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3625 15.07.2015 - ൽ മറുപടിക്ക്

## പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഡ്രിങ്കിംഗ് വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; | (എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിലാണ് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഡ്രിങ്കിംഗ് വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) ഈ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണ്; ഈ പ്ലാന്റുകളിൽ നിന്നും ഉല്പാദനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഉല്പാദനം ആരംഭിക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കുമോ; | (ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല.<br>അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറിക്കായി (കെ.ഐ.റ്റി.സി.ഒ.) കേരള ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മൂന്നുപ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും രണ്ട് തവണ പ്രവൃത്തി പരിചയം, മതിയായ രേഖകൾ എന്നിവയുടെ അഭാവത്താലും ഒരു തവണ സ്വകാര്യ കമ്പനിയിൽ നിന്നും ഉയർന്ന നിരക്കിൽ ഒരു ഓഫർ മാത്രം ലഭിച്ചതുകൊണ്ടും പ്രസ്തുത ടെണ്ടറുകൾ അതോറിറ്റി റദ്ദു ചെയ്യുകയും റീടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുകയും ചെയ്തു.<br>കൂടാതെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി.) ഡാറ്റ പ്രകാരം സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് & മെഷീനറി എന്നിങ്ങനെ മൂന്നായി വിഭജിച്ച് പുതുതായി ദർഘാസ് ക്ഷണിക്കുന്നതിന് അതോറിറ്റി നിർദ്ദേശം നൽകുകയും അതനുസരിച്ച് മൂന്നു ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇലക്ട്രിക്കലിന്റെയും പ്ലാന്റ് & മെഷീനറിയുടെയും ടെണ്ടറുകൾ പരിശോധനയിലാണ്. സിവിൽ വർക്കിന്റെ റീടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) പൊതു മാർക്കറ്റിൽ കുടിവെള്ളം ലിറ്ററിന് എത്ര രൂപ വിലയുണ്ട്; എത്ര രൂപ നിരക്കിൽ കുടിവെള്ളം നൽകുന്നതിനാണ് വാട്ടർ | (സി) പൊതുമാർക്കറ്റിൽ കുപ്പിവെള്ളത്തിന് ലിറ്ററിന് 15 രൂപ മുതൽ 20 രൂപ വരെയാണ് നിലവിലുള്ളത്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഉല്പാദനം ആരംഭി |

| | |
|---|---|
| അതോറിറ്റി തീരുമാനിച്ചിട്ടു ള്ളതെന്ന് വെളിപ്പെടുത്തുമോ ? | ക്കുമ്പോൾ മാത്രമേ വില നിർണ്ണയി ക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ